സിറാജ്

27 June 2018

# മത്തി കേരളതീരം വിട്ടില്ല; ലഭ്യതയിൽ മൂന്ന് മടങ്ങ് വർധന

കഴിഞ്ഞ വർഷം പിടിച്ചത് 1.7 ലക്ഷം ടൺ മത്തി

***

അയലയും നെയ്മീനും മാന്തലും കുറഞ്ഞു

**സ്വന്തം ലേഖകൻ**
കൊച്ചി

കേരളതീരത്ത് മത്തിയുടെ ലഭ്യത മൂന്ന് മടങ്ങ് കൂടിയതായി കണ്ടെത്തൽ. കഴിഞ്ഞ കുറേ വർഷമായി കേരളതീരത്തു നിന്ന് മത്തിയടക്കം നേരത്തെ സുലഭമായിരുന്ന മീനുകളെല്ലാം വലിയ തോതിൽ കുറഞ്ഞുവരികയാണെന്ന ആശങ്കക്കിടെയാണ് മത്സ്യപ്രിയർക്ക് പ്രതീക്ഷ നൽ നൽകുന്ന പുതിയ പഠന റിപ്പോർട്ട് കേന്ദ്ര മത്സ്യ ഗവേഷണ കേന്ദ്രം ഇന്നലെ പുറത്തുവിട്ടത്. സംസ്ഥാനത്തിന്റെ സമുദ്രമത്സ്യ ലഭ്യതയിൽ ഇത്തവണ മുൻവർഷത്തേക്കാൾ 12 ശതമാനം വർധനവുണ്ടായെന്ന് നിരീക്ഷിക്കുന്ന ഗവേഷണ റിപ്പോർട്ടിലാണ് മത്തിയുടെ തിരിച്ചുവരവ് സമുദ്ര മത്സ്യമേഖലക്ക് ഉണർവ് പകർന്നെന്ന് ചൂണ്ടിക്കാട്ടുന്നത്.

കഴിഞ്ഞവർഷം 5.85 ലക്ഷം ടൺ മത്സ്യമാണ് കേരളത്തിന്റെ തീരങ്ങളിൽ നിന്ന് പിടിച്ചതെന്ന് വ്യക്തമാക്കുന്ന റിപ്പോർട്ടിൽ ഏറ്റവും കൂടുതൽ ലഭിച്ച മത്സ്യം മത്തിയാണ് കണക്കാക്കുന്നത്. 1.7 ലക്ഷം ടൺ മത്തിയാണ് കഴിഞ്ഞവർഷം പിടിച്ചത്. 2016ൽ മത്തിയുടെ ലഭ്യത കേവലം 45,000 ടൺ മാത്രമായിരുന്നു. 2012ന് ശേഷം ആദ്യമാണ് മത്തിയുടെ ലഭ്യതയിൽ ഇത്രയും വർധനവുണ്ടാകുന്നത്. കേരളത്തിൽ മത്തി കൂടിയപ്പോൾ, ആന്ധ്രയിലും തമിഴ്നാട്ടിലും മത്തിയുടെ ലഭ്യതയിൽ വൻ കുറവാണുണ്ടായതെന്നും ചൂണ്ടിക്കാട്ടുന്നു.

മത്തിയുടെ തിരിച്ചുവരവോടെ ദേശീയ തലത്തിൽ മത്സ്യലഭ്യതയിൽ കേരളം മൂന്നാം സ്ഥാനത്തേക്ക് ഉയർന്നു. കഴിഞ്ഞ തവണ നാലാം സ്ഥാനത്തായിരുന്നു. മത്തി ലഭ്യതയിൽ ഗുജറാത്താണ് തുടർച്ചയായ അഞ്ചാം തവണയും ഒന്നാം സ്ഥാനത്തുള്ളത്. തമിഴ്നാടാണ് രണ്ടാമത്. ദേശീയതലത്തിൽ മത്തിയുടെ ലഭ്യത ഇക്കുറി 38 ശതമാനമാണ് കൂടിയത്(ഇന്ത്യയിൽ ആകെ 3.37 ലക്ഷം ടൺ). അതിരുകടന്നുള്ള മത്സ്യബന്ധനം, മത്തിയുടെ പ്രജനന സമയത്തിലെ മാറ്റം, എൽനിനോ പ്രതിഭാസം, അമിതമായ തോതിൽ കുഞ്ഞുങ്ങളെ പിടിച്ചെടുത്തത് തുടങ്ങിയവയാണ് കഴിഞ്ഞ വർഷങ്ങളിലെല്ലാം മത്തി കുറയാൻ പ്രധാന കാരണങ്ങളാണെന്ന് നേരത്തെ കണ്ടെത്തിയിരുന്നു. ഇപ്പോൾ ചെറുമീനുകളെ പിടിക്കുന്നത് അടക്കമുള്ള മത്സ്യബന്ധന നിയന്ത്രണങ്ങൾ കേരളത്തിലും മറ്റ് സംസ്ഥാനങ്ങളിലും മത്സ്യലഭ്യത കൂടാൻ കാരണമായിട്ടുണ്ടെന്ന് സി എം എഫ് ആർ ഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ പറഞ്ഞു.



അതേസമയം, മത്തി കൂടിയെങ്കിലും സംസ്ഥാനത്ത് അയല ഇത്തവണയും കുറഞ്ഞു. മുൻ വർഷത്തേക്കാൾ 29 ശതമാണ് കുറവ്. മത്തി, ചെമ്മീൻ, തിരിയാൻ, കണവ വിഭാഗങ്ങൾ, കിളിമീൻ എന്നിവയാണ് കഴിഞ്ഞ വർഷം കേരളത്തിൽ ഏറ്റവും കൂടുതൽ ലഭിച്ച അഞ്ച് മത്സ്യയിനങ്ങൾ. അയല ആറാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. മത്തി കൂടാതെ, പാമ്പാട, ചെമ്മീൻ, കൂന്തൾ, കിളിമീൻ എന്നിവയും ഇത്തവണ കൂടി. അയല, നെയ്മീൻ, മാന്തൽ, കൊഴുവ, ചെമ്പല്ലി എന്നിവയാണ് മുൻ വർഷത്തേക്കാൾ കുറഞ്ഞ മത്സ്യങ്ങൾ. ഇന്ത്യയുടെ ചരിത്രത്തിലെ രണ്ടാമത്തെ ഏറ്റവു മികച്ച സമുദ്രമത്സ്യോത്പാദനമാണ് ഇത്തവണത്തേതെന്ന് സി എം എഫ് ആർ ഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ പറഞ്ഞു. സി എം എഫ് ആർ ഐയിലെ ഫിഷറി റിസോഴ്സസ് അസസ്മെന്റ് വിഭാഗമാണ് കണക്കുകൾ തയ്യാറാക്കിയത്.

## ഓഖി: 35,000 ടൺ മത്സ്യം കുറഞ്ഞു

**കൊച്ചി:** കഴിഞ്ഞ വർഷം അവസാനത്തിൽ വീശിയടിച്ച ഓഖി ചുഴലിക്കാറ്റ് കേരളത്തിന്റെ മത്സ്യമേഖലയെ സാരമായി ബാധിച്ചതായി സി എം എഫ് ആർ ഐയുടെ കണക്കുകൾ വെളിപ്പെടുത്തി. ഓഖി മൂലം കഴിഞ്ഞ ഡിസംബറിൽ സംസ്ഥാനത്തെ മത്സ്യലഭ്യതയിൽ ഏകദേശം 35,000 ടൺ കുറവുണ്ടായതായി കണ്ടെത്തി. ഇതിലൂടെ, ലാൻഡിംഗ് സെന്ററുകളിൽ 585 കോടി രൂപയും ചില്ലറ വ്യാപാരത്തിൽ 821 കോടിയുടെയും സാമ്പത്തിക നഷ്ടമാണ് കണക്കാക്കുന്നത്. ഓഖി ദുരന്തത്തെ തുടർന്ന് തമിഴ്നാട്ടിലും മത്സ്യലഭ്യതയിൽ കുറവുണ്ടായി. കേരളത്തിൽ മാത്രമല്ല, ദേശീയതലത്തിൽ തന്നെ സമുദ്രമത്സ്യലഭ്യതയിൽ വർധനവുണ്ടായിട്ടുണ്ട്. 5.6 ശതമാനം വർധനവിൽ 38.3 ലക്ഷം ടൺ സമുദ്രമത്സ്യമാണ് ഇത്തവണ ഇന്ത്യയിൽ ആകെ ലഭിച്ചത്. 2012ന് ശേഷമുള്ള ഏറ്റവും വലിയ അളവാണിത്. തമിഴ്നാട്, കേന്ദ്രഭരണ പ്രദേശങ്ങളായ പോണ്ടിച്ചേരി, ദമാൻ ആൻഡ് ദിയു എന്നിവയൊഴിച്ച് എല്ലാ തീരദേശ സംസ്ഥാനങ്ങളിലും വർധനവുണ്ടായി. 2017ൽ ഇന്ത്യൻ തീരങ്ങളിൽ നിന്ന് പിടിച്ച മത്സ്യങ്ങളുടെ കണക്കിൽ കഴിഞ്ഞ വർഷം രാജ്യത്തെ ലാൻഡിംഗ് സെന്ററുകളിൽ വിറ്റഴിക്കപ്പെട്ടത് 52,431 കോടി രൂപയുടെ മത്സ്യമാണെന്നും കണ്ടെത്തി. മുൻ വർഷത്തേക്കാൾ 8.4 ശതമാണ് വർധനവ്. ചില്ലറ വ്യാപാര കേന്ദ്രങ്ങളിൽ 78,408 കോടി രൂപയുടെ മീനാണ് വിൽപ്പന നടത്തിയത്. ലാൻഡിംഗ് സെന്ററുകളിൽ ഒരു കിലോ മീനിന് ശരാശരി വില 137 രൂപയും ചില്ലറ വ്യാപാരത്തിൽ 204 രൂപയും ലഭിച്ചു.